LIBRARY ARCHIVES Kerala Legislative Assembly

പഴയകന്നമ്മൽ സർവ്വീസ് സഹകരണ ബാങ്ക് വായ്പാ തട്ടിപ്പ്

123 (468) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴയകന്നമ്മൽ സർവ്വീസ് സഹകരണ ബാങ്ക് വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് കേസ് നിലവിലുണ്ടോ ;

(ബി) എത്ര രൂപയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളതെന്നും കേസിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ ;

(സി) ഈ ബാങ്കിന്റെ ആസ്തി എത്ര രൂപയാണെന്നും വായ്പയിനത്തിൽ നൽകിയ തുക എത്ര എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേസ് നിലവിലുണ്ട്.

(ബി) പഴയകന്നമ്മൽ സർവ്വീസ് സഹകരണ ബാങ്ക് നൽകിയ 10 ലക്ഷം രൂപ വീതമുള്ള 10 വായ്പകളിലായി ഒരു കോടി രൂപയുടെ വായ്പാ തട്ടിപ്പാണ് നടന്നിട്ടുള്ളത്. ജാമ്യവസ്തുവിന്റെ ഉടമസ്ഥാവകാശം വായ്പക്കാർക്കല്ലെന്ന് രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടിൽ വ്യക്തമായ സാഹചര്യത്തിൽ ബാങ്കിനെ കബളിപ്പിച്ചതായി കണ്ട് ബന്ധപ്പെട്ട വായ്പക്കാർ ഉൾപ്പെടെ 12 പേർക്കെതിരെ കിളിമാനൂർ പോലീസ് ക്രിമിനൽ കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു.

(സി) ബാങ്കിന്റെ ആസ്തി 228 കോടി രൂപയാണ്. ബാങ്ക് വായ്പ ഇനത്തിൽ നൽകിയിട്ടുള്ളത് 96 കോടി രൂപയുമാണ്.

കൺസ്യൂമർഫെഡിലെ നിയമനങ്ങൾ

124 (469) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡ് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം സ്ഥിരമായോ താൽക്കാലികമായോ ദിവസക്കൂലിയടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ട് ; അവരിൽ ഇപ്പോഴും തുടർന്നു വരുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിലെ താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി എന്തായിരുന്നുവെന്നും വിധിക്കുശേഷം നടത്തിയ നിയമനങ്ങൾ എത്രയെന്നും അറിയിക്കുമോ ;